# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3309

2015 ജൂലൈ 14-ാം തീയതി മറുപടി നല്കേണ്ടത്

**കരാറുകാരുടെ കുടിശ്ശിക തുക നൽകാൻ നടപടി**

ചോദ്യം

ശ്രീ. എം. കെ.ശശീന്ദ്രൻ
ശ്രീ.തോമസ് ചാണ്ടി

ഉത്തരം

ശ്രീ. കെ. എം.മാണി

ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ). കരാറുകാരുടെ നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് സമരസമിതി-യ്ക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയ ബന്ധിതമായി കൊടുത്തു തീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26.04.2015 ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് പൊതുമരാമത്ത് നിരത്തു വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയ ബിൽ ഡിസ്കൗണ്ടിങ്ങ് സിസ്റ്റം പ്രകാരം കരാറുകാരുടെ ആറുമാസത്തെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുമ്പോൾ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% സർക്കാർ മടക്കി നൽകുന്നതുമാണ് എന്ന് അറിയിച്ചിരുന്നു. നിലവിൽ ഇത് 25% ആണ്. കൂടാതെ കെട്ടിട വിഭാഗത്തിന്റെ ഭരണാനുമതി |

| | |
|---|---|
| | തുക 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഡെപ്പൊസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകാനും ജലവിഭവ വകുപ്പിലെ കുടിശ്ശിക ബില്ലുകൾ എപ്രിൽ മാസം മുതൽ നൽകി തുടങ്ങാനും നബാർഡ് പദ്ധതികൾ, ഡെപ്പൊസിറ്റ് വർക്കുകൾ എന്നിവയുടെ ബില്ലുകൾക്കുള്ള തുക കുടിശ്ശികയാകാതെ അനുവദിക്കുമെന്നും കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതി യുമായുള്ള ചർച്ചയിൽ ധാരണയായിട്ടു-ണ്ടായിരുന്നു. |
| ബി) പൊതുമരാമത്ത്-ജലവിഭവ വകുപ്പ് കരാറുകാർക്ക് 31.05.2015 വരെ നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.04.2014 മുതൽ 28.02.2015 വരെ 1268.51 കോടിരൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 394.57 കോടിരൂപയുടെയും ജലവിഭവവകുപ്പിൽ 01.04.2014 മുതൽ 30.08.2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 132.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1795.66 കോടി രൂപയുടെ കുടിശ്ശികയുണ്ട്. |
| സി) കുടിശ്ശിക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിനായി എന്തു പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്ന തിനായി G.O.(P) No.97/2015/Fin. Dated 25.02.2015 പ്രകാരം ആവിഷ്ക്കരിച്ച ബിൽ ഡിസ്കൗണ്ടിങ്ങ് സമ്പ്രദായത്തിന് അനുസൃതമായി G.O.(Rt) NO.5597/2015/Fin. dated 10.06.2015 പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 |

| | |
|---|---|
| | വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ G.O.(P) No.221/2015/Fin. dated 10.06.2015 പ്രകാരം 2015 ആഗസ്റ്റ്മാസം ഒന്നു മുതൽ ഡിസ്കൗണ്ട് ചെയ്യുന്ന ബില്ലുകളുടെ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% കരാറുകാർക്ക് മടക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. G.O.(P) No.198/2015/Fin. dated 28.05.2015 അനുസരിച്ച് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭരണാനുമതി നൽകിയിട്ടുള്ള കെട്ടിട വിഭാഗം ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ